REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 22-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പാർലിമെന്റ് ശീതകാലസമ്മേളനത്തിൽ പാസ്സാക്കിയ ഷാന്തി ആണവോർജ്ജ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം.
- വികസിത ഇന്ത്യയുടെ സൃഷ്ടിയിൽ രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർക്കും തൊഴിലാളികൾക്കും നിർണ്ണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഇന്ന് ദേശീയ ഗണിത ശാസ്ത്ര ദിനം.
- തീവ്ര വോട്ടർപട്ടിക പരിഷ്കരണ കരട് പട്ടിക നാളെ പ്രസിദ്ധീകരിക്കും.
- ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ എട്ട് വിക്കറ്റിന് ഇന്ത്യ, ശ്രീലങ്കയെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

പാർലിമെന്റ് ശീതകാലസമ്മേളനത്തിൽ പാസ്സാക്കിയ ഷാന്തി ആണവോർജ്ജ ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ആണവമേഖലയിൽ സ്വകാര്യ മേഖലയ്ക്ക് പങ്കാളിത്തം അനുവദിക്കുന്നതാണ് നിർദിഷ്ട നിയമം. ഇന്ത്യയുടെ ആഭ്യന്തര ആണവോർജ്ജ മേഖലയുടെ വളർച്ചയ്ക്ക് തടസ്സമായ 1962 ലെ ആണവോർജ്ജ നിയമവും, 2010 ലെ സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് ആക്റ്റും പുതിയ ഷാന്തി ബില്ലിന് അംഗീകാരം ലഭിച്ചതോടെ ഇല്ലാതായി. കേന്ദ്രഗവൺമെന്റ് നൽകുന്ന ലൈസൻസിന് കീഴിൽ സ്വകാര്യ കമ്പനികൾക്കും സംയുക്ത സംരംഭങ്ങൾക്കും ആണവ

നിലയങ്ങൾ നിർമ്മിക്കാനും സ്വന്തമാക്കാനും പ്രവർത്തിപ്പിക്കാനും ഡി-കമ്മിഷൻ ചെയ്യാനും പുതിയ നിയമപ്രകാരം കഴിയും.

✪✪✪

വികസിത ഇന്ത്യയുടെ സൃഷ്ടിയിൽ രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർക്കും തൊഴിലാളികൾക്കും നിർണ്ണായക പങ്കുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കർഷകരുടെ താൽപ്പര്യങ്ങൾക്കാണ് കേന്ദ്രഗവൺമെന്റ് മുഖ്യപരിഗണന നൽകുന്നത്. അസം ദിബ്രുഗഡിലെ നാംരൂപിൽ അമോണിയ - യൂറിയ വളം നിർമ്മാണശാലയ്ക്ക് തറക്കല്ലിടുകയായിരുന്നു പ്രധാനമന്ത്രി. വർഷത്തിൽ 12.7 ലക്ഷം ടൺ ഉൽപ്പാദന ശേഷി കൈവരിക്കാൻ സാധിക്കുന്ന ഫാക്ടറി 2030 ൽ കമ്മീഷൻ ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

വളങ്ങളുടെ സ്ഥിരമായ വിതരണം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ പ്രധാനമന്ത്രി പുതിയ യൂറിയ പ്ലാന്റ് ഉടൻ തന്നെ രാജ്യത്തെ കർഷകർക്ക് വളം ലഭ്യമാക്കുമെന്നും, പ്രാദേശിക ഉൽപ്പാദനം ആരംഭിക്കുന്നതോടെ ചരക്ക് കൂലിയും, വിതരണചെലവും കുറയുമെന്നും വിലയിരുത്തി. നാംരൂപ് പ്ലാന്റ് ആയിരക്കണക്കിന് തൊഴിലവസരങ്ങളും, സ്വയംതൊഴിൽ സാധ്യതയും നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

കേന്ദ്രഗവണ്മെന്റിന്റെ പാംഓയിൽ ദൗത്യം വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ ഭക്ഷ്യഎണ്ണയിൽ സ്വയം പര്യാപ്തമാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.അസം സന്ദർശനത്തിന്റെ രണ്ടാം ദിവസം ബ്രഹ്മപുത്ര നദിയിൽ കപ്പലിൽ യാത്രചെയ്ത വിദ്യാർത്ഥികളുമായി പ്രധാനമന്ത്രി പരീക്ഷാ പേ ചർച്ചയിൽ സംവദിച്ചു.

✪✪✪

മഹാരാഷ്ട്രയിലെയും, അരുണാചൽ പ്രദേശിലെയും തദ്ദേശ തിരഞ്ഞെടുപ്പിലെ വൻവിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും, പ്രമുഖ BJP നേതാക്കളും ജനങ്ങളെ നന്ദിയറിയിച്ചു. അരുണാചൽ

പ്രദേശിൽ പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസിന് ഒരു സീറ്റു പോലും നേടാൻ കഴിഞ്ഞില്ല. 245 ജില്ലാപരിഷത്ത് സീറ്റുകളിൽ 170 ഇടത്തും BJP വിജയിച്ചു. 59 ഇടത്ത് മത്സരമില്ലാതെയാണ് BJP വിജയിച്ചത്. ഏതാനും സീറ്റുകളിൽ പീപ്പിൾസ് പാർട്ടി ഓഫ് അരുണാചലും വിജയിച്ചു.

മഹാരാഷ്ട്രയിൽ 288 മുൻസിപ്പൽ കൗൺസിലുകളിലേക്കും, നഗർ പഞ്ചായത്തുകളിലേക്കും നടത്തിയ തിരഞ്ഞെടുപ്പിൽ BJP- ശിവസേന - NCP സഖ്യം 207 ഇടത്തും വിജയിച്ചു. കോൺഗ്രസ് നേതൃത്വം നൽകുന്ന മഹാവികാസ് അഖാഡി 44 ഇടത്ത് മാത്രമാണ് വിജയിച്ചത്. BJP യ്ക്ക് മാത്രം 117 സീറ്റുകളിൽ വിജയിക്കാനായി. ശിവസേന 53 ലും, NCP 37 ഇടത്തും വിജയിച്ചു.

BJP ദേശീയ അധ്യക്ഷൻ JP നദ്ദ, ആഭ്യന്തര മന്ത്രി അമിത്ഷാ, BJP ദേശീയ വർക്കിംഗ് പ്രസിഡണ്ട് നിതിൻ നബിൻ എന്നിവരും ജനങ്ങളെ നന്ദിയറിയിച്ചു.

✪✪✪

അമേരിക്കൻ ആശയവിനിമയ ഉപഗ്രഹമായ ബ്ലൂബേർഡ് ബ്ലോക്ക്- 2 ISRO മറ്റന്നാൾ വിക്ഷേപിക്കും. അമേരിക്കൻ കമ്പനിയായ AST സ്പെയ്സ് മൊബൈൽ നിർമിച്ച ഉപഗ്രഹം ISRO യുടെ ലോഞ്ച് വെഹിക്കിൾ മാർക്ക്-3 ആയിരിക്കും ഭ്രമണപഥത്തിലെത്തിക്കുന്നത്. സെല്ലുലാർ ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്നതിന് രൂപകൽപന ചെയ്ത ബ്ലൂബേർഡ് ബ്ലോക്ക് 2 ISRO വിക്ഷേപിക്കുന്ന ഏറ്റവും വലിയ വാണിജ്യ ഉപഗ്രഹങ്ങളിൽ ഒന്നാണ്.

✪✪✪

ഇന്ന് ദേശീയ ഗണിത ശാസ്ത്ര ദിനം. ഭാരതീയ ഗണിത ശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22-നാണ് ദേശീയ ഗണിത ശാസ്ത്രദിനം ആചരിക്കുന്നത്. 'ഗണിതം- കല-സർഗാത്മകത' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. രാമാനുജന്റെ നിസ്തുലമായ സംഭാവനകൾ ആദരിക്കുന്നതിന് 2011-ലാണ് കേന്ദ്ര ഗവൺമെന്റ് ദിനാചരണം പ്രഖ്യാപിച്ചത്. വിദ്യാഭ്യാസ - ഗവേഷണ സ്ഥാപനങ്ങളിൽ ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഗണിതശാസ്ത്രം നിത്യജീവിതത്തിൽ എങ്ങനെയൊക്കെ പ്രയോജനപ്രദമാകുമെന്ന ബോധവത്ക്കരണവും ദിനാചരണത്തിന്റെ ഭാഗമാണ്.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിലെ കരട് പട്ടിക നാളെ പ്രസിദ്ധീകരിക്കും. തിരുത്തലുകളും പരാതികളും നാളെ മുതൽ ജനുവരി 22 വരെ അറിയിക്കാമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ പറഞ്ഞു. കരട് പട്ടികയിൽ പേരില്ലാത്തവരുടെ വിവരങ്ങൾ രാഷ്ട്രീയ കക്ഷികൾക്ക് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെ അറിയിക്കാം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...(വോയ്സ് )....

നാളെ മുതൽ ഫെബ്രുവരി 14 വരെയാണ് ഹിയറിംഗും പരിശോധനയും. ഫെബ്രുവരി 21-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. തിരുത്തലുകളിലും എതിർപ്പുകളിലും എടുക്കുന്ന തീരുമാനങ്ങളിൽ തൃപ്തിയില്ലെങ്കിൽ 15 ദിവസത്തിനകം കലക്ടർമാർക്ക് പരാതി നൽകാം.

കൃത്യവും സംശുദ്ധവുമായ വോട്ടർപട്ടിക തയ്യാറാക്കുന്ന SIR നടപടികളുടെ പൂർത്തീകരണത്തിന് രാഷ്ട്രീയ കക്ഷികളുടെയും പൊതുജനങ്ങളുടെയും സഹകരണം വേണമെന്ന് കോഴിക്കോട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ സ്പെഷ്യൽ റോൾ ഒബ്സർവർ ഐശ്വര്യ സിംഗ് അഭ്യർത്ഥിച്ചു. കേരളത്തിലെ SIR നടപടികൾ നിരീക്ഷിക്കുന്നതിനായി എത്തിയതായിരുന്നു സ്പെഷ്യൽ റോൾ ഒബ്സർവർ.

ജില്ലാ കളക്ടറുടെ ചേമ്പറിൽ ഉദ്യോഗസ്ഥരുടെയും, രാഷ്ട്രീയകക്ഷി പ്രതിനിധികളുടെയും യോഗത്തിൽ ഐശ്വര്യ സിംഗ് പങ്കെടുത്തു. തദ്ദശതിരഞ്ഞെടുപ്പ് തിരക്കും, സമയക്കുറവും മൂലം BLA മാർക്ക് SIR നടപടികളിൽ കൃത്യമായി ഇടപെടാൻ സാധിച്ചില്ലെന്ന ആശങ്ക രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഒബ്സർവറെ അറിയിച്ചു.

✪✪✪

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റിന്റെ ഭാഗമായി വൈകിട്ട് കലാസന്ധ്യയും ഓട്ടോ തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങും ഫറോക്കിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. വാട്ടർ

**ഫെസ്റ്റ് അഞ്ചാം പതിപ്പിന്റെ പ്രചാരണത്തിനു വേണ്ടി വൈകിട്ട് ബേപ്പൂർ ബീച്ചിൽ കബഡി മത്സരവും ഒരുക്കിയിട്ടുണ്ട്.**

✪✪✪

**ക്രിസ്മസ്, പുതുവത്സാഘോഷങ്ങളെ വരവേൽക്കാൻ കോഴിക്കോട് മാനാഞ്ചിറയിൽ ഒരുക്കിയ 'ഇലൂമിനേറ്റിങ് ജോയ്, സ്പ്രെഡിങ് ഹാർമണി' ലൈറ്റ്ഷോ വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ജനുവരി രണ്ട് വരെ വൈകിട്ട് ആറര മുതൽ മാനാഞ്ചിറ സായാഹ്നങ്ങളിൽ ദീപാലംകൃതമാകും.**

✪✪✪

**സപ്ലൈക്കോയുടെ ക്രിസ്മസ് - പുതുവത്സര ഫെയറുകൾ മന്ത്രി GR അനിൽ രാവിലെ തിരുവനന്തപുരം പുത്തരിക്കണ്ടത്ത് ഉദ്ഘാടനം ചെയ്യും. ജനുവരി ഒന്നു വരെ ആറ് ജില്ലകളിൽ ഫെയറുകൾ പ്രവർത്തിക്കും. കൊല്ലം ആശ്രാമം മൈതാനം, പത്തനംതിട്ട റോസ്മൗണ്ട് ഓഡിറ്റോറിയം, കോട്ടയം തിരുനക്കര മൈതാനം, എറണാകുളം മറൈൻ ഡ്രൈവ്, തൃശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് ഫെയറുകൾ സംഘടിപ്പിക്കുന്നത്.**

**കോഴിക്കോട്ടെ കൺസ്യൂമർ ഫെഡ് ക്രിസ്മസ് - പുതുവത്സര വിപണികൾ മുതലക്കുളം ത്രിവേണി സൂപ്പർമാർക്കറ്റിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഇന്ന് ഉദ്ഘാടനം ചെയ്യും. കൺസ്യൂമർ ഫെഡ് മുൻ ചെയർമാൻ M മെഹബൂബ് ആദ്യ വില്പന നടത്തും.**

✪✪✪

**ക്രിസ്തുമസ് കാഴ്ചകളൊരുക്കി ട്രിവാൻഡ്രം ഫെസ്റ്റിന് തുടക്കമായി. ഫെസ്റ്റ് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ, കോൺഗ്രസ് നേതാവ് MM ഹസ്സൻ, BJP സംസ്ഥാന സെക്രട്ടറി VV രാജേഷ് എന്നിവർ ചേർന്ന് പാളയം LMS കോമ്പൗണ്ടിൽ ഭദ്രദീപം കൊളുത്തി ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാദ്ധ്യക്ഷൻ മോറാൻ മോർ ഡോ.സാമുവൽ തിയോഫിലിസ് മെത്രപ്പോലീത്ത ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.**

✪✪✪

**യാത്രാവേളയിലെ ഉപയോഗത്തിന് ആവശ്യത്തിന് ശുചിമുറികൾ ലഭ്യമാക്കുന്ന ‘ക്ലൂ’ മൊബൈൽ ആപ്ലിക്കേഷൻ നാളെ പുറത്തിറക്കും.**

തദ്ദേശ വകുപ്പിന്റെ മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയത്. മന്ത്രി MB രാജേഷ് തിരുവനന്തപുരത്ത് ക്ലൂ സംവിധാനം ഉദ്ഘാടനം ചെയ്യും.

✪✪✪

UDF നേതൃയോഗം ഇന്ന് കൊച്ചിയിൽ ചേരും. തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയവും നിയമസഭാ തെരഞ്ഞെടുപ്പ് തന്ത്രങ്ങളും യോഗം ചർച്ച ചെയ്യും. നിയസഭാ സീറ്റ് വിഭജനവും സ്ഥാനാർത്ഥി നിർണയവും നേരത്തെയാക്കാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചിരുന്നു. കൂടാതെ മുന്നണി വിപുലീകരിക്കുന്ന കാര്യവും യോഗത്തിന്റെ പരിഗണനയിൽ വന്നേക്കും.

✪✪✪

BJP സംസ്ഥാന നേതൃ സമിതി യോഗം ഉച്ചകഴിഞ്ഞ് കണ്ണൂരിൽ ചേരും. മാരാർജി ഭവനിലെ യോഗത്തിൽ സംസ്ഥാന നേതാക്കൾ പങ്കെടുക്കും.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ എട്ട് വിക്കറ്റിന് ടീം ഇന്ത്യ, ശ്രീലങ്കയെ പരാജയപ്പെടുത്തി. വിശാഖപട്ടണത്ത് ശ്രീലങ്കയുടെ ആറിന് 121 എന്ന സ്കോറിനെതിരെ ഇന്ത്യ, 14.4 ഓവറിൽ രണ്ട് വിക്കറ്റിന് 122 റൺസെടുത്ത് ലക്ഷ്യം മറികടന്നു. അഞ്ച് മത്സര പരമ്പരയിലെ രണ്ടാമത്തേത് ചൊവ്വാഴ്ച വിശാഖപട്ടണത്താണ്. ശേഷിക്കുന്ന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്തും നടത്തും.

✪✪✪

താപനില മൈനസ് ഡിഗ്രിയിലേക്ക് താഴ്ന്നതോടെ മഞ്ഞിന്റെ വശ്യഭംഗി ആസ്വദിക്കാൻ മൂന്നാറിൽ സഞ്ചാരികളുടെ വൻ തിരക്ക്. തലയാർ ഉൾപ്പെടെ മേഖലകളിൽ താപനില മൈനസ് രണ്ട് ഡിഗ്രി വരെ താഴ്ന്നിട്ടുണ്ട്.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

....(വോയ്സ്).....

✪✪✪

**കണ്ണൂർ ഇരിട്ടിക്കടുത്ത് അയ്യൻകുന്ന് പഞ്ചായത്തിലെ ജനവാസമേഖലയിൽ കാട്ടാന ഇറങ്ങിയതിനെ തുടർന്ന് നാലു വാർഡുകളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. വനം വകുപ്പ് അതീവ ജാഗ്രത പുലർത്തിവരികയാണ് .**

**കണ്ണൂരിൽ നിന്ന് KO ശശിധരൻ.**

**...(വോയ്സ്).....**

✪✪✪

**പെരിന്തൽമണ്ണയിൽ മുസ്‌ലിം ലീഗ് ഓഫിസിനു നേരെയുണ്ടായ കല്ലേറിൽ പ്രതിഷേധിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പകൽഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറു വരെയാണ് ഹർത്താൽ.**

✪✪✪

**ആലപ്പുഴ മണ്ണഞ്ചേരി പഞ്ചായത്ത് വളവനാട് പാലത്തിന് സമീപം ഇന്നലെ രാത്രി ബൈക്കുകൾ കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. മണ്ണഞ്ചേരി സ്വദേശി നിഖിലും, ചേർത്തല അരീപ്പറമ്പ് സ്വദേശി രാകേഷുമാണ് മരിച്ചത്.**

✪✪✪

---

*News Editor വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO : ഷീബ*

आकाशवाणी